**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3551** **15-02-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഓഫീസുകളിലേക്ക് ജോലി ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിൽ നിന്നും മറ്റ് റവന്യൂ ഓഫീസുകളിലേക്ക് ജോലി ക്രമീകരണം പാടില്ലെന്ന് നിർദ്ദേശം വ്യാപകമായി ലംഘിക്കപ്പെടുന്നതും അതുമൂലം ഭൂരിപക്ഷം വില്ലേജുകളിലും സാങ്ഷന്ത് സ്ട്രെങ്ത്തിലുള്ള ജീവനക്കാർ പോലും ലഭ്യമല്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (എ) | വില്ലേജ് ഓഫീസുകളിൽ ലാവണമുള്ള ജീവനക്കാർ നിലവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ മറ്റ് ഓഫീസുകളിൽ തുടരുന്നുണ്ടെങ്കിൽ ആയത് ഉടൻ പ്രാബല്യത്തിൽ റദ്ദാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയത് ലംഘിക്കപ്പെട്ടോ എന്ന് പരിശോധിക്കുന്നതാണ്. അതോടൊപ്പം ജീവനക്കാർക്ക് വില്ലേജ് സേവനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വില്ലേജ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ക്ലാർക്ക് തസ്തികയിൽ 3 വർഷത്തെ വില്ലേജ് സേവനവും ഡെപ്യൂട്ടി തഹസിൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് വില്ലേജ് ഓഫീസർ തസ്തികയിൽ 2 വർഷത്തെ സേവനവും നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വില്ലേജ് ഓഫീസുകളിൽ ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ